**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ(എബി)വകുപ്പ്- തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 2011-2012 വർഷത്തെ ഓഡിറ്റ്റിപ്പോർട്ട് ഖണ്ഡിക 3.13-ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം 2362/15/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി:1/08/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 26-12-2014 ലെ M3.47973/14 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 27-05-2015 ലെ L.F 3607/PT2/2015 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ലോക്കൽഫണ്ട് ആഡിറ്റ്റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം 2,99,970/-രൂപ(രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരത്തി തൊള്ളായിരത്തി എഴുപത് രൂപ മാത്രം)-രൂപ തടസ്സപ്പെടുത്തിയിരുന്നു.ആയതിനു സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ്റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം തനത് ആസ്തികളുടെ മെയിന്റനൻസിനായി 2,99,970/-രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഉപയോഗിച്ചിരുന്നു.ആസ്തികളുടെ മെയിന്റനൻസിനായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം 07/01/2014 ലെ 12(1) നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 17/10/2014 ലെ 18ാം നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3.13 ലെ ചെലവിനു സാധൂകരണം നൽകുന്നതിനു എതിരഭിപ്രായമില്ലെന്ന് പരാമർശം2 പ്രകാരം ലോക്കൽഫണ്ട് ആഡിറ്റ്ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം 07/01/2014 ലെ 12(1) നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 17/10/2014 ലെ 18ാം നമ്പർ എന്നിവയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ മൂഅവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം

റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയ 2,99,970/ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരത്തി തൊള്ളായിരത്തി എഴുപത് രൂപ മാത്രം) രൂപയുടെ ചെലവിനു സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ടി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ലോക്കൽഫണ്ട് ആഡിറ്റ്ഡയറക്ടർ,തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
സെക്രട്ടറി, അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ
ഇൻഫർമേഷൻകേരളമിഷൻ,തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ